നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2010 : ആറാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2010 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള ആറാം ഘട്ട അലോട്ടുമെന്റിലേക്ക്, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും **17.09.2010 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ** വിദ്യാർത്ഥികൾക്ക് സൗകര്യം നൽകിയിരുന്നു. നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ആറാം ഘട്ട അലോട്ടുമെന്റ് **19.09.2010 (ഞായറാഴ്ച) www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ആറാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/ അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖ കളിലൊന്നിൽ **സെപ്റ്റംബർ 20, 22, 23 തീയതികളിൽ** ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

ആറാം ഘട്ട അലോട്ടുമെന്റിൽ അലോട്ടുമെന്റ് ലഭിച്ച എല്ലാ കോഴ്സുകളിലെയും വിദ്യാർത്ഥികൾ **സെപ്റ്റംബർ 22, 23 തീയതികളിൽ** അതതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. **മെഡിക്കൽ/ഡന്റൽ കോളേജുകളിൽ ലഭിക്കുന്ന അലോട്ടുമെന്റ്/റീ-അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.**

**സെപ്റ്റംബർ 24-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി** എല്ലാ കോളേജ് അധികാരികളും നോൺ ജോയിനിംഗ് റിപ്പോർട്ട്, ഫാക്സ് മുഖാന്തിരം **(നം. 0471- 2337228)** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471- 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
19.09.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**